# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 5, വ്യാഴാഴ്ച

**നമ്പർ 23**

രാവിലെ 9.00 -ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2021 ജനുവരി 13 - ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 545 - ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും പുതുക്കിയ മറുപടിയും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ . പി . രാജീവ് മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം:

തിരുവനന്തപുരത്തെ മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലം ഉണ്ടായിട്ടുള്ള അപകടത്തിൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർക്ക് മരണം സംഭവിക്കുകയും പരിക്ക് പറ്റുകയും ചെയ്യുതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

[ശ്രീ. വി. ശശിക്ക് ഈ വിഷയം സംബന്ധിച്ച് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകുകയുണ്ടായി.]

KNPP.1260/2021(i).

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) തൊഴിലുറപ്പ് തൊഴിലാളികളെ ജാതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് വേതനം നൽകുന്ന പുതിയ മാർഗ്ഗനിർദ്ദേശം പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. കെ. ഹരീന്ദ്രൻ തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് നാളികേരകർഷകരെ സഹായിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ പച്ചത്തേങ്ങയുടെ സംഭരണം ആരംഭിക്കുന്നതിനും സംഭരണവില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കുറുക്കോളി മൊയ്തീൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഡോ. എം. കെ. മുനീർ | ക്രൈം നമ്പർ 118/2021, 106/CB/KNR&KSD/R/2021 കേസ്സുകളുമായി ബന്ധപ്പെട്ട് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. കെ. എം. അഷ്റഫ് | കേരളത്തിൽനിന്നും കർണ്ണാടകത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള നിയന്ത്രണം | മുഖ്യമന്ത്രി |
| 3 | ശ്രീ. ടി. സിദ്ദിഖ് | വൈത്തിരിയിലെ വിവിധ വില്ലേജുകളിൽ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കൽ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ഡി. പ്രസേനൻ | ചുരുപാറ മലയോര മേഖലയിലെ കൈവശ ഭൂമിയുള്ള കർഷകർക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | എരുമേലി തെക്ക് വില്ലേജിലെ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6 | ശ്രീ. മുരളി പെരുനെല്ലി | ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ പുനർനിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. ബാലചന്ദ്രൻ | പൂത്തോൾ ചാത്തൻ മാസ്റ്റർ സ്മാരക ഭൂമിയിൽ പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 8 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ബീനാച്ചി-പനമരം റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ആൻസലൻ | വഴിമുക്ക്-കളിയിക്കാവിള പാത വികസനം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | തൃശ്ശൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിന്റെ വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. പ്രമോദ് നാരായൺ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>ചട്ടം 118 അനുസരിച്ചുള്ള ഗവണ്മെന്റ് പ്രമേയം</u> :

വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. ഇതിൽ ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി സഭ അംഗീകരിച്ചു:

"പ്രമേയത്തിലെ രണ്ടാം ഖണ്ഡികയുടെ അവസാന ഭാഗത്തെ, "നിർമ്മാണത്തിനോ" എന്നതിനുശേഷം "ശൃംഖലാ വികസനത്തിനോ പരിപാലനം ഉറപ്പുവരുത്തുന്നതിനോ" എന്ന് ചേർക്കുക."

ഭേദഗതിയോടെ താഴെപ്പറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി:

"ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ ഇനം 38 ആണ് വൈദ്യുതി മേഖല. ഇത്തരത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ള ഒരു മേഖലയെ സമഗ്രമായി ബാധിക്കുന്ന 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ തയ്യാറാവുമ്പോൾ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്താനും കേന്ദ്രസർക്കാരിന് ബാദ്ധ്യതയുണ്ട്. ഇതാണ് സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത. 2020 ജൂലൈ മാസത്തിൽ കേന്ദ്ര വൈദ്യുതി സഹമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ കേരളമടക്കം നിരവധി സംസ്ഥാനങ്ങൾ വൈദ്യുതി നിയമഭേദഗതി സംബന്ധിച്ച് അന്ന് അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ തങ്ങൾക്കുള്ള വിയോജിപ്പ് വ്യക്തമാക്കുകയുണ്ടായി. ഇക്കാര്യങ്ങൾ അതതു സംസ്ഥാനങ്ങളുമായി നേരിട്ട് ചർച്ച ചെയ്യല്ലാതെ നിയമഭേദഗതിയുമായി മുന്നോട്ടുപോകുകയില്ലെന്ന് കേന്ദ്ര സഹമന്ത്രി ആ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തു. എന്നാൽ, അന്ന് അവതരിപ്പിക്കപ്പെട്ടതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭേദഗതി നിർദ്ദേശമാണ് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് വരുന്നത്.

വൈദ്യുതി വിതരണ മേഖലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല എന്നതാണ് നിർദ്ദിഷ്ട നിയമഭേദഗതിയിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം. സംസ്ഥാന സർക്കാരുകൾക്കോ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനോ യാതൊരുവിധ നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഈ രംഗത്ത് യഥേഷ്ടം കടന്നുവരാനും പ്രവർത്തിക്കാനും ഭേദഗതിയിലൂടെ സാധിക്കും. ഇങ്ങനെ കടന്നുവരുന്ന കമ്പനികൾക്ക് ഉണ്ടാകേണ്ട യോഗ്യതകൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്. പുതിയ വിതരണ കമ്പനികൾക്ക് വൈദ്യുതി ലൈനുകളുടെ നിർമ്മാണത്തിലടക്കം ഒരു രീതിയിലുമുള്ള മുതൽമുടക്കും നടത്താൻ ബാദ്ധ്യതയില്ല. നിലവിലുള്ള വൈദ്യുതി ലൈനുകളിലൂടെ തന്നെ വൈദ്യുതി കടത്തിക്കൊണ്ടുപോകാനും വിൽക്കാനും അവർക്ക് അവകാശമുണ്ടാകും. നിലവിലുള്ള വൈദ്യുതി സ്ഥാപനത്തിന്റെ കൈവശമുള്ള വൈദ്യുതി നിലയങ്ങളിൽനിന്നും

വൈദ്യുതി വാങ്ങൽ കരാറുകളിൽനിന്നും പുതുതായി കടന്നുവരുന്ന കമ്പനികൾക്ക് വിഹിതം അനുവദിക്കണമെന്നും നിയമഭേദഗതി അനുശാസിക്കുന്നു. ഇങ്ങനെ വൈദ്യുതി ആസ്തികളുടെ നിർമ്മാണത്തിനോ ശൃംഖലാ വികസനത്തിനോ പരിപാലനം ഉറപ്പുവരുത്തുന്നതിനോ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനോ യാതൊരു മുതൽമുടക്കുമില്ലാതെ കടന്നുവരാൻ കഴിയുന്നതിനാൽ ലാഭമിടിഞ്ഞാൽ എളുപ്പത്തിൽ പിൻവാങ്ങുന്നതിനും സ്വകാര്യ കമ്പനികൾക്ക് അവസരം ലഭിക്കുന്നു. വൈദ്യുതി വിതരണരംഗത്ത് തികഞ്ഞ അനിശ്ചിതത്വം നിർദ്ദിഷ്ട നിയമ ഭേദഗതിയിലൂടെ ഉണ്ടാകാൻ സാധ്യതയുണ്ട്.

വൈദ്യുതി വിതരണരംഗത്ത് കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക്, എല്ലാവർക്കും വൈദ്യുതി നൽകാനുള്ള ബാദ്ധ്യത പുതിയ നിയമം നിഷ്കർഷിക്കുന്നില്ല. വിതരണരംഗം ലാഭകരമായ നഗര പ്രദേശങ്ങളിൽ പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന വാണിജ്യമടക്കമുള്ള മേഖലകളിലെ ഉപഭോക്താക്കളെ അടർത്തിയെടുക്കാനും സ്വകാര്യ കമ്പനികൾക്ക് അവസരമൊരുക്കുകയാണ് ഭേദഗതി ചെയ്യുന്നത്. ഇങ്ങനെ ലാഭകരമായ മേഖലകളെല്ലാം സ്വകാര്യ മേഖല കൈക്കലാക്കുന്നു. നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി നൽകേണ്ട ബാദ്ധ്യത പൊതുമേഖലയുടെ ചുമലിലുമാക്കുന്നു. ലാഭം സ്വകാര്യ മേഖലയ്ക്കും നഷ്ടം പൊതുമേഖലയ്ക്കുമെന്ന ഈ അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേക്കും അതുവഴി സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കുമാണ് നയിക്കുക. ഇത്തരം പരിഷ്കരണങ്ങളുടെ അന്താരാഷ്ട്ര അനുഭവവും അതുതന്നെയാണ്. സാധാരണ ഗാർഹിക ഉപഭോക്താക്കളുടേയും കാർഷിക ഉപഭോക്താക്കളുടേയും വൈദ്യുതി നിരക്കുകൾ അതിഭീമമായി ഉയരുന്നതിനാണ് നിയമഭേദഗതി കാരണമാകുക.

നിയമഭേദഗതിക്കുശേഷവും വൈദ്യുതി ലൈനുകളുടെ നിർമ്മാണവും പരിപാലനവുമൊക്കെ നിലവിലുള്ള പൊതുമേഖലാ വിതരണ യൂട്ടിലിറ്റികളുടെ തന്നെ ഉത്തരവാദിത്വമായി തുടരും. എന്നാൽ പുതിയ സാഹചര്യത്തിൽ പൊതുമേഖലാ കമ്പനിയുടെ സാമ്പത്തിക അടിത്തറ ദുർബ്ബലമാകുന്നതോടെ ലൈനുകളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും പരിപാലനവുമെല്ലാം താളംതെറ്റും. വർദ്ധിക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവുമെല്ലാം തിരിച്ചു വരികയും ചെയ്യും.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ പ്രവർത്തനം നിയന്ത്രിക്കാനും അവർക്ക് നിർദ്ദേശങ്ങൾ നൽകാനും കേന്ദ്രസർക്കാരിന് അധികാരമുണ്ടാകുമെന്ന് നിയമഭേദഗതിയിലുണ്ട്. വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതടക്കമുള്ള കാര്യങ്ങളിലെല്ലാം കേന്ദ്രനിർദ്ദേശം ബാധകമാകും. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രവർത്തനക്ഷമമല്ലെങ്കിൽ കമ്മീഷന്റെ ചുമതല മറ്റേതെങ്കിലും

സംസ്ഥാനത്തുള്ള കമ്മീഷനിൽ നിക്ഷിപ്തമാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടാകുമെന്നും നിയമഭേദഗതി വ്യക്തമാക്കുന്നു. സംസ്ഥാനങ്ങളിലെ അക്ഷയ ഊർജ്ജ വികസന മടക്കമുള്ള കാര്യങ്ങളിലും കേന്ദ്രസർക്കാരിന്റെ നിയന്ത്രണം ഉറപ്പുവരുത്തുന്നതാണ് ഭേദഗതി.

പൊതുവേ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാനതലത്തിലാണ് മുൻകാലങ്ങളിലെല്ലാം കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവൽക്കരണ സമ്മർദ്ദങ്ങളുണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾപോലും ഇല്ലാതാക്കി വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021-ലെ വൈദ്യുതി ഭേദഗതി ബിൽ മുന്നോട്ടുവയ്ക്കുന്നത്. വൈദ്യുതി മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്ന, സാധാരണക്കാരന് വൈദ്യുതി അപ്രാപ്യമാക്കുന്ന ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ്. വൈദ്യുതി മേഖല സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഫെഡറൽ ഘടനയുടെ അടിസ്ഥാനത്തെ ദുർബ്ബലപ്പെടുത്തും.

മേൽകാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽനിന്നും പിന്മാറണമെന്നും 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

<u>സ്പീക്കറുടെ റൂളിംഗ്</u>:

സഭയിൽ അംഗങ്ങൾ നോട്ടീസ് നൽകുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്ന കാര്യത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കപ്പെടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി:

"നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാതിരിക്കുന്ന അവസ്ഥ സംബന്ധിച്ച് വ്യക്തമായ ഉദാഹരണസഹിതമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇക്കാര്യം സംബന്ധിച്ച ഗവൺമെന്റ് നിലപാട് അറിയിക്കുകയും നിലവിലെ അവസ്ഥയ്ക്ക് മാറ്റംവരുത്തുവാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുമുണ്ടായി.

2021 ജൂലൈ മാസം 27-ാം തീയതി ചേർന്ന പതിനഞ്ചാം കേരള നിയമസഭയിലെ കക്ഷിനേതാക്കളുടെ യോഗം ചോദ്യങ്ങളുടെ മറുപടി യഥാസമയം ലഭ്യമാകുന്നതിൽ വരുന്ന കാലതാമസം ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തിരുന്നെങ്കിലും കൂടുതൽ ചർച്ചയ്ക്കും തീരുമാനങ്ങൾക്കുമായി ഇക്കാര്യം മാറ്റിവയ്ക്കുകയാണ് ചെയ്തത്.

'ഇ'-നിയമസഭാ പദ്ധതി പൂർത്തീകരിക്കപ്പെടുന്നതോടുകൂടി നമ്മുടെ നിയമസഭാ നടപടിക്രമങ്ങളിൽ കുറേയേറെ പരിഷ്കാരങ്ങൾ ആവശ്യമായിത്തീരുന്നതാണ്. അതുസംബന്ധിച്ച കാര്യങ്ങളും ഇപ്പോൾ ഇവിടെ പ്രത്യേകമായി ഉന്നയിക്കപ്പെട്ട കാര്യങ്ങളും വിശദമായി പരിശോധിച്ച് വ്യക്തമായ ശിപാർശകൾ നല്കുന്നതിലേക്കായി പന്ത്രണ്ടാം കേരള നിയമസഭയിൽ, ഇപ്പോഴത്തെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി സഭാദ്ധ്യക്ഷനായിരുന്ന വേളയിൽ രൂപീകരിച്ചതുപോലെ, ഒരു അഡ്ഹോക്ക് സമിതി രൂപീകരിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണെന്നാണ് ചെയറിന്റെ അഭിപ്രായം. അതുവഴി നാം ഇപ്പോൾ നേരിടുന്ന സമാന സ്വഭാവമുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുമെന്നും ചെയർ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ ഉടൻതന്നെ യുക്തമായ ഒരു തീരുമാനം കൈക്കൊള്ളാനാവുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്."

(2021 ആഗസ്റ്റ് 4-ന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചട്ടം 300 പ്രകാരം കോവിഡ് വ്യാപന നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് സഭയിൽ നടത്തിയ പ്രസ്താവനയ്ക്ക് വിരുദ്ധമായി ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു എന്ന ആരോപണത്തെക്കുറിച്ച് പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നത്തിൽ ആരോഗ്യ-വനിത ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>ധനകാര്യം</u> :

## 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XXX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എം. വിൻസെന്റ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*).

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ മറുപടി നൽകി. തുടർന്ന് ധനാഭ്യർത്ഥന XXX വോട്ടിനിട്ട് പാസ്സാക്കി.

നിയമനിർമ്മാണ കാര്യം :

2021-22 സാമ്പത്തികവർഷത്തെ എല്ലാ ധനാഭ്യർത്ഥനകളുടെയും പരിഗണന പൂർത്തീകരിക്കുന്നതിനുമുമ്പായി ധനകാര്യ, ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുന്ന നടപടിക്കെതിരെ ശ്രീ. പി. ടി. തോമസ് ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി:

"2021-22 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും പൂർത്തീകരിക്കുന്നതിനുമുമ്പായി ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് നിയമ പ്രാബല്യം നൽകുന്നതിനായുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകൾ, സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതും അവ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്നതും ക്രമപ്രകാരമല്ലെന്നാണ് തന്റെ ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ഇവിടെ ഉന്നയിച്ചത്. നമ്മുടെ സഭാ ചട്ടങ്ങളുടെയും കീഴ്വഴക്കത്തിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ക്രമരഹിതമായി ഒന്നുമില്ലെന്നും ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിലും സബ്ജക്ട് കമ്മിറ്റി ബില്ലുകൾ പരിഗണിക്കുന്നതിലും ഒരു അപാകതയും ഇല്ലെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം പരിശോധിച്ചു. ധനകാര്യ ബില്ലുകൾ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളും മറ്റനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. ബഡ്ജറ്റിലെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയും വോട്ടെടുപ്പുമായി ധനകാര്യ ബില്ലിന്റെ പരിഗണനയ്ക്ക് നേരിട്ട് ബന്ധമില്ലെങ്കിൽപ്പോലും ഒരു കീഴ്വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ചതിനുശേഷമാണ് നമ്മുടെ സഭയിൽ ധനകാര്യ ബില്ലുകൾ പരിഗണിച്ചു വന്നിരുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യ ബില്ല് നേരത്തെതന്നെ പരിഗണിച്ച സന്ദർഭങ്ങളും നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ ഈ സമ്മേളനത്തിലെ സഭ ചേരുന്ന ദിവസങ്ങളിൽ കുറവു വരുത്തിയ സാഹചര്യത്തിലാണ് ഇത്തവണ ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിൽ പുതിയ സമയക്രമം നിശ്ചയിക്കപ്പെട്ടത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ കീഴ്വഴക്കങ്ങളുടെയോ ലംഘനം ഉണ്ടായിട്ടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. "

## 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-ലെ കേരള ധനകാര്യ ബിൽ സബ്ജക്റ്റ് കമ്മറ്റികൾ II, XIV എന്നിവയുമായി സംയുക്തമായും, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സബ്ജക്റ്റ് കമ്മറ്റി IX-മായി സംയുക്തമായും പരിഗണിക്കുന്നതിന് സബ്ജക്റ്റ് കമ്മറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

2021-ലെ കേരള ധനകാര്യബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി ദെലീമയും, ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കുറുക്കോളി മൊയ്തീനും അവതരിപ്പിച്ചു.

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജി. എസ്. ജയലാലും, ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സനീഷ്കുമാർ ജോസഫും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. മുരളി പെരുനെല്ലി

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. വി. ശശി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. പി. ചിത്തരഞ്ജൻ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. എം. നൗഷാദ്

ശ്രീ. തോമസ് കെ. തോമസ്

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എച്ച്. സലാം

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി പറഞ്ഞു. അവതരിപ്പിക്കപ്പെട്ട ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. 2021-ലെ കേരള ധനകാര്യ ബിൽ, സബ്ജക്ട് കമ്മിറ്റി II, XIV എന്നിവയുമായി സംയുക്തമായും, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സബ്ജക്ട് കമ്മറ്റികൾ IX-യുമായി സംയുക്തമായും പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി VIII-ന് അയച്ചു.

2021 ആഗസ്റ്റ് 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.22-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

പരിഗണനയ്ക്ക് അയയ്ക്കുന്നതും അവ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്നതും ക്രമപ്രകാരമല്ലെന്നാണ് തന്റെ ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി.ടി. തോമസ് ഇവിടെ ഉന്നയിച്ചത്. നമ്മുടെ സഭാ ചട്ടങ്ങളുടെയും കീഴ്വഴക്കത്തിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ക്രമരഹിതമായി ഒന്നുമില്ലെന്നും ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിലും സബ്ജക്ട് കമ്മിറ്റി ബില്ലുകൾ പരിഗണിക്കുന്നതിലും ഒരു അപാകതയും ഇല്ലെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം പരിശോധിച്ചു. ധനകാര്യ ബില്ലുകൾ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളും മറ്റനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. ബഡ്ജറ്റിലെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയും വോട്ടെടുപ്പുമായി ധനകാര്യ ബില്ലിന്റെ പരിഗണനയ്ക്ക് നേരിട്ട് ബന്ധമില്ലെങ്കിൽപ്പോലും ഒരു കീഴ്വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ചതിനുശേഷമാണ് നമ്മുടെ സഭയിൽ ധനകാര്യ ബില്ലുകൾ പരിഗണിച്ചുവന്നിരുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യ ബില്ല് നേരത്തെതന്നെ പരിഗണിച്ച സന്ദർഭങ്ങളും നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ ഈ സമ്മേളനത്തിലെ സഭ ചേരുന്ന ദിവസങ്ങളിൽ കുറവു വരുത്തിയ സാഹചര്യത്തിലാണ് ഇത്തവണ ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിൽ പുതിയ സമയക്രമം നിശ്ചയിക്കപ്പെട്ടത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ കീഴ്വഴക്കങ്ങളുടെയോ ലംഘനം ഉണ്ടായിട്ടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. "

## <u>Motion for reference of the Kerala Finance Bill, 2021 and the Kerala Finance (No. 2) Bill, 2021 to the Subject Committee</u>

Shri K. N. Balagopal, Minister for Finance moved that the Kerala Finance Bill, 2021 and the Kerala Finance (No. 2) Bill, 2021 be referred to the Subject Committee VIII and to be jointly considered with Subject Committee II & XIV and with Subject Committee IX respectively.

Smt. Daleema, moved an amendment to circulate the Kerala Finance Bill, 2021 for eliciting public opinion and Shri Kurukkoli Moideen moved another amendment for referring the Bill to a Select Committee.

Shri G. S. Jayalal moved an amendment to circulate the Kerala Finance (No. 2) Bill, 2021 for eliciting public opinion and Shri Saneeshkumar Joseph moved another amendment for referring the Bill to a Select Committee.

The Following Members took part in the discussion:

Shri Murali Perunelly

Dr. Mathew Kuzhalnadan

Shri V. Sasi

Prof. Abid Hussain Thangal

Shri P. P. Chitharanjan

Dr. N. Jayaraj

Shri K. P. Kunhammed Kutti Master

Shri T. Siddique

Shri M. Noushad

Shri Thomas K. Thomas

Smt. Santhakumari K.

Shri T. V. Ibrahim

Shri H. Salam

Shri V. K. Prasanth

Shri P. Balachandran

Shri M. Rajagopalan

Shri P. C. Vishnunadh.

Shri K. N. Balagopal, Minister for Finance replied to the points raised during the discussion. The amendments moved were withdrawn by the leave of the House. Then the Kerala Finance Bill, 2021 and the Kerala Finance (No. 2) Bill, 2021 were referred to Subject Committees VIII for joint consideration with Subject Committee II & XIV and for joint consideration with Subject Committee IX respectively.

The House adjourned at 6.22 p.m. to meet again at 9.00 a.m. on Friday August 6, 2021.

S.V. UNNIKRISHNAN NAIR,

*Secretary.*